

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 16 No.6 Newsletter June 2018




'മക്കളേ, വന്നു എനിക്കു ചെവി തരുവിൻ;
യഹോവയോടുള്ള ഭക്തിയെ ഞാൻ ഉപദേശിച്ചു തരാം.'
(സങ്കീ. 34:11)

## വാർത്തകൾ

### ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ് 2018 – 2021

ത്രൈവാർഷിക ഡീഖൻ തെരഞ്ഞെടുപ്പ് മെയ് 6-ാം തായതി ഞായറാഴ്ച രാവിലെ 9 മണിക്ക് നടക്കുകയുണ്ടായി. **പൊതു വിഭാഗത്തിൽ** നിന്നും ഡോ. സാംസൺ നേശയ്യ, പ്രേംചന്ദ് ജോൺസൺ, എൽ. ജെ. പത്മകുമാർ, സ്റ്റാൻലി വിൽസൺ, ഡോ. തമ്പി സാംരാജ്, എ. ജോഷ്വാ, ഡോ. വി. എസ്. സുഗുണൻ, എന്നിവരും **യുവജനവിഭാഗത്തിൽ** നിന്നും സെരാഗിൽ ഓസ്റ്റിൻ പ്രിൻസ്, പീറ്റർ ചെല്ലയ്യ എന്നിവരും **വനിത വിഭാഗത്തിൽ** നിന്നും ഡി. എസ്. വൽസ, ഗ്രിസിൽഡ വിൽസ് എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. മെയ് 7-ാം തീയതി കൂടിയ ആദ്യ സഭാകമ്മിറ്റി യോഗത്തിൽ വച്ച് സഭാ സെക്രട്ടറിയായി ഡോ. തമ്പി സാംരാജ്, അക്കൗണ്ടന്റായി സ്റ്റാൻലി വിൽസൻ എന്നിവരെ തെരഞ്ഞെടുത്തു. മെയ് 13-ാം തീയതി ഞായറാഴ്ച രാവിലെ 8.30 നുള്ള മലയാളം ആരാധനയിൽ വച്ച് പുതിയ ഡീഖന്മാർ സത്യപ്രതിജ്ഞ ചെയ്തു ചുമതല ഏറ്റു.

---

**180-ാം സഭാദിനം :** നമ്മുടെ 180-ാം സഭാദിനാഘോഷം മെയ് 27-ാം തീയതി ഞായറാഴ്ച നടന്നു. ഡോ. ഡി. ബാബുപോൾ മുഖ്യതിഥിയായിരുന്നു. ഇതോടനുബന്ധിച്ച് സംയുക്ത ആരാധന, തിരുവത്താഴ ശുശ്രൂഷ, സ്നേഹ വിരുന്ന് എന്നിവ ക്രമീകരിച്ചിരുന്നു.

---

**YFF റിട്രീറ്റ് :** യംഗ് ഫാമിലി ഫെലോഷിപ്പിന്റെ വാർഷിക റിട്രീറ്റ് ഏപ്രിൽ 29 മുതൽ, മെയ് 1 വരെ വാഗമൺ കേന്ദ്രമാക്കി നടന്നു. 'വിശ്വസ്തരായിരിക്കുക' എന്നതായിരുന്നു ചിന്താവിഷയം. റവ.പ്രവീൺരാജ് നേതൃത്വം നൽകി.

---

**YFF ഗോസ്പൽ മ്യൂസിക് :** YFF-ന്റെ ആഭിമുഖ്യത്തിൽ മെയ് 13-ാം തീയതി വൈകുന്നേരം 6 മണിക്ക് റ്റി. ജെ. എം. ഹാളിൽവച്ച് ഗോസ്പൽ മ്യൂസിക് സംഘടിപ്പിച്ചു. പ്രമുഖ ക്വയറുകളായ The Blaze, Trivandrum Choristers Association, The Trivandrum Gospel Chorus, Alleluia Music Team, The Melody Singers, YFF Choir എന്നിവർ പങ്കെടുത്തു.

---

**സ്ത്രീജനസഖ്യ റിട്രീറ്റ് :** സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ മെയ് 19-ാം തീയതി ശനിയാഴ്ച നെയ്യാർഡാം കേന്ദ്രമാക്കി ഏകദിന റിട്രീറ്റ് നടന്നു. റവ. ഡി. ജേക്കബ് നേതൃത്വം നൽകി.

---

**മാതൃദിനം :** മാതൃദിനത്തോടനുബന്ധിച്ച് മെയ് 20-ാം തീയതി ഞായറാഴ്ച രാവിലെ 8.30 നുള്ള മലയാളം ആരാധനയിൽ വച്ച് അമ്മമാരെ ആദരിക്കുകയുണ്ടായി.

---

**CEYF വാർഷിക ലേലം :** CEYF-ന്റെ വാർഷിക ലേലം മെയ് 20-ാം തീയതി ഞായറാഴ്ച നടക്കുകയുണ്ടായി. റവ. ഡി. ജേക്കബ് ഉദ്ഘാടനം ചെയ്തു.അഡ്വ. സർജിൻ തോമസ് ആദ്യലേലം സ്വീകരിച്ചു. ഇതിലൂടെ രണ്ട് ലക്ഷം രൂപ സമാഹരിച്ചു.

---

**കുട്ടികളുടെ ക്യാമ്പ് :** സൺഡേസ്കൂളിന്റെ നേതൃത്വത്തിൽ മെയ് 20 മുതൽ 22 വരെ കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് ശ്രീകാര്യം ലയോള ക്യാമ്പസിൽ വച്ച് നടന്നു. "എഴുന്നേറ്റു പ്രകാശിക്കുക" എന്നതായിരുന്നു ചിന്താവിഷയം. നമ്മുടെ സഭാശുശ്രൂഷകരുടെ നേതൃത്വത്തിൽ നടന്ന ഈ ക്യാമ്പിൽ ശ്രീ. കെ. എം. ഫിലിപ്പ് (ചൈൽഡ് ഇവാഞ്ചലിസം ഫെലോഷിപ്പ്) ഡയറക്ടറായി പ്രവർത്തിച്ചു. 25 ഓളം കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

---

**കൊത്തളം മിഷൻ കേന്ദ്രം :** മെയ് മാസം 13 മുതൽ 20 വരെ കൊത്തളം മിഷൻ കേന്ദ്രത്തിൽ വി. ബി. എസ്. നടന്നു. 'അറിയുക, അറിയിക്കുക' എന്നതായിരുന്നു ചിന്താവിഷയം. നമ്മുടെ സഭാംഗങ്ങളായ അജിത് സെൻ, ബിനിൽ, റോയ്, ബിനൊ എന്നിവർ നേതൃത്വം നല്കി.

---

**പ്രശാന്ത് നഗർ മിഷൻ കേന്ദ്രം :** 2004 -ൽ ആരംഭിച്ച പ്രശാന്ത് നഗർ മിഷൻ കേന്ദ്രത്തിൽ പുതുതായി പണി കഴിപ്പിച്ച ദേവാലയം ഏപ്രിൽ 30-ാം തീയതി വൈകുന്നേരം 5 മണിക്ക് റവ. വൈ. വിജയദാസ് പ്രാർത്ഥനയോടെ ശുശ്രൂഷകൾക്കായി സമർപ്പിച്ചു. ദേവാലയനിർമ്മാണത്തിന്റെ പൂർത്തീകരണത്തിനായി ആൽബർട്ട്, ഡോ. ടെസ്സി, സി. എൽ. ലാൽ, എഡ്വേർഡ് ജോൺ, സോഫിയ യേശുദാസ് എന്നിവർ സംഭാവനനല്കി.

# CHURCH VOICE

16th year of publication

**JUNE 2018**



**EDITORIAL BOARD**

**CHIEF EDITOR**

Rev. D. Jacob

**CONVENOR**
**Literary Board**

D. S. Valsa

Rev. Y. Vijayadas
Rev. Rohan P.
Rev. N.L. Praveen Raj
R. Sajan Samson
(Editor)
Manoj Kumar Ebenezer
(Sub Editor)
Dr. Thampi Samraj Y. C.
Stanley Wilson
Dr. Samson Nessaiah
Dr. Sajitha Sanjeev



**ADDRESS**

The Chief Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles/Feedback may be sent to

churchvoice@gmail.com
before 15th of every month



Church Voice can be read online at our website

www.mateermemorialchurch.com

**PRINTED AT**

**GRACE PRINTERS**
**Muttada Ph: 2540523**


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| **Week days** | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | Men's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.30 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Circle Prayer | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (eve of first Sunday) | 07.00 p.m |
| | Fasting Prayer (Second Saturday) | 10.00 a.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. D. Jacob (President) | 2724658 | 9447886139 |
| Rev. Y. Vijayadas (Presbyter) | 2316544 | 9496369672 |
| Rev. N. L. Praveen Raj (Presbyter) | 2316644 | 8547113982 |
| Rev. Rohan P. (Presbyter) | | 9895369500 |
| Dr. Thampi Sam Raj Y. C. (Church Secretary) | | 9496440463 |
| Mr. Stanley Wilson (Church Accountant) | | 9447744777 |
| Dr. Samson Nessiah | | 9447126931 |
| Mr. Premchand Johnson | | 9447118118 |
| Mr. Padma Kumar L. J. | | 9895393794 |
| Er. Joshua A. | | 9447388607 |
| Dr. Sugunan V. S. | | 9446551854 |
| Er. Ceragil Austin Prince | | 9037819570 |
| Mr. Peter Chellaiah | | 9400330003 |
| Mrs. Valsa D. S. | | 9744088183 |
| Mrs. Grisilda Wills | | 9995236650 |
| Mr. Jayakumar Alfred T. | | 9895110652 |
| **Church Office** | **2311347** | |
| Mr. M. Sathia Raj (Manager) | | 9446341682 |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |

## From the Presbyter's desk



എല്ലാ വിദ്യാർത്ഥികൾക്കും പുതിയ അദ്ധ്യയവർഷത്തിന്റെ ആശംസകൾ! ഗുരുഭൂതന്മാർക്ക് പ്രണാമം.

ഓഗ്മാൻ സീനോയുടെ പ്രധാന കഥാപാത്രമാണ് സൈമൺ പോർട്ടർ. അദ്ദേഹത്തിന്റെ സന്ദേശം ശ്രദ്ധിക്കുക. ഇനിയുള്ള എന്റെ ജീവിത്തിൽ എന്നെ ഒരിക്കലും ഭയപ്പെടുത്താത്ത രണ്ട് ദിവസങ്ങൾ ഉണ്ട്. അവയിലൊന്ന് കണ്ണുനീരും പരാജയങ്ങളും നിറഞ്ഞ ഇന്നലെയാണ്. എന്റെ നിയന്ത്രണത്തിൽ നിന്നും 'ഇന്നലെ' എന്നെന്നേക്കുമായി കഴിഞ്ഞു പോയി. രണ്ടാമത്തെ ദിവസം നാളെയാണ്. പ്രതിസന്ധികളും പ്രശ്നങ്ങളും നിറഞ്ഞ 'നാളെ' വരാനിരിക്കുന്നതേയുള്ളൂ. അതുകൊണ്ട് ഇപ്പോൾ ഞാൻ നാളെക്കുറിച്ച് ഓർത്ത് ഭയപ്പെടുകയില്ല. ഇപ്പോൾ ഞാൻ ശ്രദ്ധിക്കാനുള്ളത് ഇന്നിന്റെ കാര്യത്തിലാണ്. ദൈവത്തിന്റെ അനുഗ്രഹത്തോടുകൂടി ഇന്നത്തെ കാര്യങ്ങൾ ഏറ്റവും നന്നായി ചെയ്യാൻ ഞാൻ പരിശ്രമിക്കും. ഇന്നലെയുടെ ഭാരം ഇന്ന് എന്റെ മേൽ ഞാൻ ചുമത്തുകയില്ല. നാളെയുടെ ഭാരം ഇപ്പോഴെ ചുമക്കാൻ ഞാൻ മുതിരുകയില്ല.

കൂട്ടുകാരെ, 'അതാതു ദിവസത്തിനു അന്നന്നത്തെ ദോഷം മതി' കർത്താവു പഠിപ്പിച്ചത് ഓർമ്മയില്ലേ! ഓരോ ദിവസവും ചെയ്യേണ്ട കാര്യങ്ങൾ പൂർത്തിയാക്കിയതായി ഉറപ്പാക്കുക. അതാണ് അച്ചടക്കം അത് നമുക്ക് ശീലമാക്കാം.

**വിദ്യാർത്ഥികൾക്കുള്ള കല്പനകൾ**

1. എന്റെ പഠനത്തിനും മറ്റു കാര്യങ്ങളിലും പ്രതീക്ഷിക്കുന്നതിൽ കൂടുതൽ ഞാൻ ചെയ്യും.
2. ഇപ്പോഴത്തെ ജോലി ഉത്സാഹത്തോടെ ഏറ്റവും നന്നായി ചെയ്യും.
3. ലക്ഷ്യബോധത്തോടെ എന്റെ ഓരോ മണിക്കൂറും ചെലവഴിക്കും.
4. നാളയെക്കുറിച്ചുള്ള പ്രതീക്ഷ നഷ്ടപ്പെടുത്താതെ തുറക്കുന്നതുവരെ മുമ്പിൽ കാണുന്ന വാതിൽ മുട്ടികൊണ്ടിരിക്കും.
5. എന്റെ സ്വപ്നങ്ങൾ നിലച്ചാൽ എന്റെ ജീവിതത്തിന്റെ വളർച്ചയും നിലച്ചു എന്ന ചിന്തയോടെ എന്റെ സ്വപ്നങ്ങൾ താലോലിച്ചു കൊണ്ട് മുന്നോട്ടുപോകും.

*ശേഷം പേജ് 22 –ൽ കാണുക*

## Secretary's Report



Dear friends in Christ,

As all of us are aware, the deacons' election of our Church, originally scheduled for May 2016 was unexpectedly postponed and kept in abeyance. The entire Church had earnestly and relentlessly prayed for restoration of Church elections for almost two years. Almighty God heard our prayers and the deacons' election was peacefully conducted on 6th May 2018 for the triennium 2018-2021. Let us submit ourselves before the Almighty with praise and thanks.

I take this opportunity to express our sincere thanks to the South Kerala Diocese and our Pastors also for successfully conducting the deacon's elections in MM Church.

The following were the events/ activities during the month of May 2018.

1. The triennial deacon's election was held on 6-5-2018 and the following were elected

| | | |
|---|---|---|
| 1. Dr. Samson Nessiah | 2. Mr. Premchand Johnson | 3. Mr. Padmakumar L. J. |
| 4. Mr. Stanley Wilson | 5. Dr. Thampi Sam Raj Y. C. | 6. Er. Joshua A. |
| 7. Dr. Sugunan V. S. | 8. Er. Ceragil Austin Prince | 9. Mr. Peter Chellaiah |
| 10. Mrs. Valsa D. S. | 11. Mrs. Grisilda Wills | |

10 newly elected deacons were duly inducted on taking pledge individually in a solemn ceremony by Rev. D. Jacob, Presbyter-in-charge on 13th May 2018 during 8:30am service and Mrs. Grisilda Wills took pledge on 20th May 2018.

2. The first committee meeting held on 7-5-2018 elected unanimously the following persons for the respective posts noted against their names

| | | |
|---|---|---|
| 1. Dr. Thampi Sam Raj Y. C. | - | Secretary |
| 2. Mr. Stanley Wilson | - | Accountant |

Diocesan Council

| | | |
|---|---|---|
| 1. Mr. Premchand Johnson | - | Diocesan Council Member |
| 2. Dr. V. S. Sugunan | - | " |
| 3. Mr. Sathy K. Das | - | " |
| 4. Mrs. Leena T. L. | - | " |

District Council

| | | | |
|---|---|---|---|
| 1. | Mr. Santhosh Kumar C. F. | - | District Council Member |
| 2. | Mr. Reuben S. L. | - | “ |
| 3. | Mrs. Sheela Irin Jayanthi | - | “ |
| 4. | M. M. Church Secretary (Ex. Officio) | | “ |

3. The Church Wards were allocated as follows. The same will stand to be rotated every year from this year onwards.

| | | | |
|---|---|---|---|
| 1. | Ambalamukku | - | Dr.Sugunan V. S. |
| 2. | Edappazhinji | - | Mr. Premchand Johnson |
| 3. | LMS- Palayam | - | Dr. Samson Nessaiah |
| 4. | Statue | - | Mr. Peter Chellaiah |
| 5. | Pattom | - | Er. Joshua A. |
| 6. | Nanthencode | - | Mrs. Grisilda Wills |
| 7. | Charachira | - | Mrs. Valsa D. S. |
| 8. | Kowdiar | - | Mr. L. J. Padmakumar |
| 9. | Muttada | - | Mr. T. Jayakumar Alfred |
| 10. | Thycaud | - | Er. Ceragil Austin Prince |
| 11. | Ulloor | - | Mr. Stanley Wilson |
| 12. | Vazhuthacaud | - | Dr.Thampi Sam Raj Y. C. |

**4. Accounts for April 2018**: The accounts of receipts and payments for the month of April 2018 is published on page nos 26 to 29 of this issue.

5. Fourteen non members got married in our Church during May 2018

6. **Events**

- **Gospel Music organised by Young Family Fellowship**

An evening of Gospel Music was organised by Young Family Fellowship on 13th May 2018 at the TJM Hall to raise funds for activities at Gangapur Mission Field, Maharashtra. The Blaze, Trivandrum Choristers Association, The Trivandrum Gospel Chorus, Alleluia Music Team, The Melody Singers and YFF Choir sang songs.

- **Fancy Sale Organised by CEYF**

CEYF conducted its annual fancy sale on Sunday, 20th May 2018 at the TJM Hall for raising funds for poor aid and regular activities of the youth fellowship. The sale was inaugurated by Rev. D. Jacob (Presbyter-in-charge). Adv. Sarjine

Thomas received the first bid. The CEYF was able to raise around Two Lakhs Rupees through the sale.

- **180th Congregation Day Celebration**

A commemorative thanks giving service was held as combined worship service with Holy Communion on 27th May 2018. Dr. D. Babu Paul IAS was our Chief Guest. A brief report of Church History was presented by the Church Secretary. All Sub-Organisations sang devotional songs. The Church choir sang a song composed by Dr. Samson Nessiah commemorating the 180th anniversary of our congregation. A love feast was arranged at TJM Hall after the service.

## Obituary

During the report month the following persons entered into eternal rest.

1. Mrs. Ethel Padma - Anugraha, Bains Compound, Nanthencode, on 30th April 2018.
2. Mr. Shaji S. Rajan – Sarvadhi Hill, Sreekaryam, on 19th May 2018

**Dr. Thampi Sam Raj Y. C.**
**Church Secretary**



## പ്രതിവാര ധ്യാനം

**ജൂൺ 2018**

ജൂൺ 03, 2018 വിദ്യാർത്ഥി ഞായർ
വിഷയം: **ഉയരത്തിലെ ജ്ഞാനം**
1 രാജാ.3:16–28, സങ്കീ.119:33–40, യാക്കോ.1:1–8, ലൂക്കോ 10:21–24

ജൂൺ 10, 2018 പരിസ്ഥിതി ഞായർ
വിഷയം: **സൃഷ്ടി ദൈവ മഹത്വത്തെ പ്രഖ്യാപിക്കുന്നു**
സദൃ.8:22–31, സങ്കീ.19, വെളി.21:1–9, ലൂക്കൊ. 8:22–25

ജൂൺ 17, 2018, മൂന്നാം ഞായർ
വിഷയം: **കർത്താവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുക**
യെശയ്യ.6:1–8, സങ്കീ.139, 2.തെസ.2:13–17, യോഹ.4:15–26

ജൂൺ 24, 2018, നാലാം ഞായർ
വിഷയം: **ശിഷ്യത്വത്തിന്റെ വില**
ദാനി.6:11–23, സങ്കീ.34, 2.കൊരി.6:1–10, മർക്കൊ.10:35–45

# ആരാധനയിൽ വെളിപ്പെടുന്ന ദൈവം

**1 രാജാ. 8:22–30; മർക്കോ. 3:1–6; സങ്കീ. 145; വെളി: 14:1–7**

**റവ. എൻ.ആർ. സനിൽകുമാർ**
(സി. എസ്. ഐ. ചേങ്കോട്ടുകോണം)

ആരാധന രീതികളും സംവിധാനങ്ങളും വളരെ വേഗം മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണല്ലോ നാം യാത്രചെയ്യുന്നത്. ഏത് മതത്തിൽ വിശ്വസിക്കുന്നവനും താൻ വിശ്വസിക്കുന്ന ആരാധനാമൂർത്തിയെ ആരാധിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ആ സ്വാതന്ത്ര്യത്തിന്റെ മറവിൽ തന്നെയാണ് ആരാധനാ സമ്പ്രദായങ്ങൾക്ക് മാറ്റം വന്നുകൊണ്ടിരിക്കുന്നത്. ഒരു കാലഘട്ടത്തിൻ ദൈവാലയങ്ങളിൽ പോയി ആരാധനയിൽ പങ്കെടുത്തവർ പിന്നീട് ടെലിവിഷന്റെ മുമ്പിൽ ഇരുന്ന് ആരാധിക്കുന്ന രീതിയിലേക്ക് മാറി. അത് ഇന്ന് ഓൺലൈൻ ആരാധനയ്ക്ക് വഴി തുറന്നു. ഓൺലൈൻ തിരുവത്താഴത്തിൽ വരെ പങ്കെടുക്കാം എന്ന രീതിയിലേയ്ക്ക് കാലം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു. ടിവി സ്ക്രീനിൽ/കംപ്യൂട്ടർ സ്ക്രീനിൽ കാർമികൻ തിരുവത്താഴത്തിനുള്ള അപ്പവും, വീഞ്ഞും വാഴ്ത്തുമ്പോൾ സ്ക്രീനിനു മുന്നിലിരിക്കുന്ന ആൾ തന്റെ മുന്നിൽ വച്ചിരിക്കുന്ന അപ്പം, ബ്രഡ്, വീഞ്ഞ്, വെള്ളം ഇവയെ വാഴ്ത്തി ഭക്ഷിക്കുന്നു. അതിലൂടെ ആരാധനയുടെ അനുഭവം അയാളും സ്വീകരിക്കുകയാണ്. ഈ യാഥാർത്ഥ്യത്തിന്റെ മദ്ധ്യേയാണ് ഇന്നത്തെ ധ്യാനവിഷയത്തിലേയ്ക്ക് നാം പ്രവേശിക്കേണ്ടത്.

**ദൈവം ആരാധനയിൽ വെളിപ്പെടുന്നവനാണോ? ദൈവത്തിന് ആരാധന ഇഷ്ടമാണോ? ദൈവം ആരാധനയിൽ മാത്രമേ വെളിപ്പെടുകയുള്ളോ?** തുടങ്ങിയ ചോദ്യങ്ങൾ മനുഷ്യന്റെ ചിന്തകൾ വികാസം പ്രാപിച്ച കാലം മുതൽ തന്നെ നിലനിൽക്കുന്നതാണ്. ഇതിനുള്ള മറുപടി വ്യക്തികളെ ആശ്രയിച്ചാണ് ഇരിക്കുന്നത്. സൃഷ്ടിയിൽ വെളിപ്പെട്ട ദൈവം മനുഷ്യരിലൂടെ, തന്റെ പുത്രനിലൂടെ ഇന്നും ലോകത്തിന് വെളിപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന യാഥാർത്ഥ്യം നാം മനസ്സിലാക്കേണ്ടത് അത്യാവശ്യം. ആരാധനയിലൂടെ വെളിപ്പെടുന്ന ദൈവത്തെയാണ് നാം പഠനവിഷയമാക്കുന്നത്.

ദൈവവും മനുഷ്യനും ഒത്തുചേരുന്ന അവസ്ഥയാണ് ആരാധന. നമസ്കരിക്കുക, സേവിക്കുക, വണങ്ങുക, കുമ്പിടുക, മുട്ടുകുത്തുക, സമർപ്പിക്കുക, ധൂപം കാട്ടുക, ഭജിക്കുക, പൂജിക്കുക തുടങ്ങിയ അർത്ഥങ്ങളാണ് ആരാധന എന്ന പദത്തിന് നൽകിയിട്ടുള്ളത്. ബൈബിൾ വചനങ്ങളനുസരിച്ച് ക്രിസ്തീയ ആരാധനകളിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്ന ഒട്ടനവധി സന്ദർഭങ്ങളുണ്ട്. ഓരോ കാലഘട്ടത്തിലും ആരാധനാരീതികൾക്ക്

വ്യത്യാസമുണ്ടായിരുന്നു. പഴയനിയമ കാലഘട്ടങ്ങളിൽ യാഗം അർപ്പിക്കുന്നതിന് പ്രാധാന്യം നൽകിയിരുന്നു. യാഗമെന്നാൽ ജീവനെ സമർപ്പിക്കുക എന്നാണർത്ഥം. എന്നാൽ ക്രിസ്തു തന്നെത്തന്നെ യാഗമർപ്പിച്ചതിലൂടെ യാഗം പുതുക്കപ്പെട്ടു. ഇനി ദൈവത്തിന് യാഗം കഴിക്കേണ്ടത് മരിച്ചിട്ടല്ല, ജീവനുള്ള ആരാധനകളായിട്ടാണ് (റോമ. 12:1).

ഇന്ന് നമ്മുടെ ആരാധനകൾ Worship നുപകരം war ship കൾ ആയിരിക്കുകയാണ്. ഒരോ ദിവസവും ആരാധനയ്ക്കു വരുന്നത് ശത്രുക്കളെ/എതിരാളികളെ തകർക്കുവാനുള്ള പുതിയ പുതിയ ആയുധ ശേഖരങ്ങളുമായിട്ടാണ്. എങ്ങനെ പുരോഹിതനെ വാക്കിൽ കുടുക്കാം, എങ്ങനെ തന്റെ ശത്രുവിന് പാര പണിയാം എന്നിങ്ങനെ ചിന്തിക്കുന്ന ഒരു ആരാധനാ സമൂഹവും, എങ്ങനെ തന്റെ ജനത്തെ ഭിന്നിപ്പിച്ച് ലാഭം കൊയ്യാം, എങ്ങനെ വചനശുശ്രൂഷയിലൂടെ അവനിട്ട് രണ്ട് കൊടുക്കാം എന്ന് ചിന്തിക്കുന്ന ചില സുശ്രൂഷകരും ഇന്ന് നമ്മുടെ കൺമുന്നിൽ കാണുന്ന യാഥാർത്ഥ്യങ്ങളാണ്.

മർക്കോസ് 3:1-6 വരെ പറഞ്ഞിരിക്കുന്ന സുനഗോഗിലെ ആരാധനയിലെ സൗഖ്യം ഇതിന്റെ മറ്റൊരു മുഖമാണ്. ശബത്ത്നാൾ ആയതുകൊണ്ട് യേശു അവനെ സൗഖ്യമാക്കുമോ എന്ന് കുറ്റം കണ്ടുപിടിക്കാൻ നോക്കുന്ന ഒരു സമൂഹം. പക്ഷെ കർത്താവ് അവനെ സൗഖ്യമാക്കുന്നതിലൂടെ അവർക്ക് നൽകുന്ന മറുപടി ഇതാണ് "മനുഷ്യൻ ശബത്തു നിമിത്തമല്ല ശബത്ത് മനുഷ്യന് നിമിത്തമത്രേ ഉണ്ടായത്" എന്നാണ് (മർക്കോ.2:27,28). ഈ സംഭവത്തിലൂടെ വരണ്ട കയ്യുള്ള മനുഷ്യനു ബോധ്യപ്പെടുകയാണ് താൻ വിശ്വസിച്ച ദൈവം സുനഗോഗിലെ അന്നത്തെ ആരാധനയിലൂടെ തനിക്ക് വെളിപ്പെട്ടു എന്ന യാഥാർത്ഥ്യം. അവന്റെ ജീവിതത്തിൽ മാത്രമല്ല അവന്റെ കുടുംബത്തിനും അത് നന്മക്കായി ഭവിക്കുന്നു. ഇന്നും നമ്മുടെ ജീവിതങ്ങളിലും ഈ അനുഭവങ്ങൾ ഉണ്ടാകുന്നുണ്ട്. എത്രയോ പേരാണ് ഈ സാക്ഷ്യങ്ങൾ പങ്കുവെയ്ക്കുന്നത്. **ആരാധനകൾ ദൈവീക വെളിപ്പാടിന്റെ ഇടങ്ങൾ തന്നെയാണ്.** പലപ്പോഴും തന്റെ അടുത്ത് വാസം ചെയ്യുന്ന ദൈവത്തെ മനുഷ്യൻ മനസ്സിലാക്കാതെ ദൈവത്തെ അന്വേഷിച്ച് അവൻ നെട്ടോട്ടം ഓടുകയാണ്. ഈ ഓട്ടം എന്ന് അവസാനിക്കും.

ശലോമോനുണ്ടായ സംശയത്തിന്റെ അലയടികൾ ഇന്നും തീർന്നിട്ടില്ല (1 രാജാ. 8:27). ദൈവാലയത്തിൽ ദൈവം വസിക്കുമോ? മനുഷ്യ നിർമ്മിതമായ കെട്ടിടത്തിൽ പ്രപഞ്ച നായകനായ ദൈവം ഇറങ്ങിവരുമോ? ഈ ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ഇന്നത്തെ വേദഭാഗം നൽകുന്നുണ്ട്. ശലോമോൻ തന്നിലേക്ക് മടങ്ങിയപ്പോൾ അത് മനസ്സിലാക്കി. യെശയ്യാവ് ദൈവത്തിന്റെ സാന്നിധ്യം തന്നെ സ്പർശിച്ചപ്പോൾ തന്നിലേക്ക് തിരിഞ്ഞ് ഒരു ആത്മസമർപ്പണത്തിലേക്ക് എത്തിച്ചേർന്നു. **നമ്മുടെ ആരാധനകളൊക്കെ ഓരോ അനുഭവങ്ങളാകണം.** അതിന് നമ്മോടൊപ്പം സഞ്ചരിക്കുന്ന ഒരു ദൈവത്തെ രൂപപ്പെടുത്തുകയാണ് ആദ്യപടി. യെഹസ്കേൽ പ്രവാചകനോട് ദൈവം പറഞ്ഞത് "പ്രവാചകാ നീ ഇത് ഭക്ഷിക്ക" എന്നാണ്. അനന്തരം

ദൈവവചന ചുരുളുകൾ അവന്റെ അധരങ്ങളിൽ വച്ചുകൊടുത്തു. അതാവട്ടെ പ്രവാചകന്റെ അധരങ്ങളിൽ തേൻപോലെ മധുരിച്ചു. ജീവിതത്തിന്റെ മനംമടുപ്പിക്കുന്ന നിമിഷങ്ങളിൽ, കയ്പിക്കുന്ന അവസരങ്ങളിൽ, പ്രതിസന്ധികളുടെ അവസ്ഥകളിലൊക്കെ ദൈവം പറയുന്നു 'മനുഷ്യപുത്രാ നീ ഇത് ഭക്ഷിക്കുക' എന്ന്. ഇത് യാഥാർത്ഥ്യമാകുന്നത് ഓരോ ആരാധനയിലൂടെയുമാണ്.

വെളിപ്പാട് 14:1–7 വരെ പറഞ്ഞിരിക്കുന്ന വേദഭാഗത്തിലെ സീയോൻ പർവ്വതം യഹൂദ പാരമ്പര്യമനുസരിച്ചു ദൈവവും മശിഹായും ദൈവജനത്തെ വിളിച്ചുകൂട്ടുന്ന സ്ഥലമാണ്. ഒന്നാമത്തെ ദൂതൻ (വാ.6,7) ദൈവാരാധനയ്ക്കായി ആഹ്വാനം ചെയ്യുന്നു. മറ്റൊരു ദൂതൻ റോമാ സാമ്രാജ്യത്തിന്മേലുള്ള വിനാശ വിധിയെ മുൻകൂട്ടി അറിയിക്കുന്നു. മൂന്നാമത്തെ ദൂതൻ വിശ്വാസത്യാഗം ചെയ്ത് മൃഗത്തെ നമസ്കരിച്ചവരുടെമേൽ വരാൻപോകുന്ന ന്യായവിധിയെ പ്രവചിച്ചു. ഇവിടെയെല്ലാം ദൈവീക വെളിപ്പാട് തന്നെയാണ് നാം ദർശിക്കുന്നത്. ദൈവത്തോടുള്ള ഹൃദയംഗമായ സ്നേഹത്തിൽ നിന്നും ഭക്തിയിൽ നിന്നും ആരാധന ഉടലെടുക്കുമ്പോൾ ദൈവീക വെളിപ്പാട് നാം അനുഭവിക്കുന്നു.

പ്രിയരെ, ആരാധനകൾക്ക് ചട്ടങ്ങളും ലൗകികമായ മന്ദിരങ്ങളും ഉണ്ടെങ്കിലും **ആരാധനകൾ അർത്ഥവത്തായിത്തീരുന്നത് നമ്മുടെ ജീവിതങ്ങളെ ജീവനുള്ള യാഗമായി സമർപ്പിക്കുമ്പോഴാണ്.** അങ്ങനെയൊരു സമർപ്പണത്തിലൂടെ മാത്രമേ ദൈവത്തിന്റെ വെളിപ്പാട് നമുക്ക് അനുഭവിക്കാൻ കഴിയൂ. "A cathedral is nothing but an extension of our mother's womb" (അമ്മയുടെ ഗർഭപാത്രത്തിന്റെ വികസിത രൂപമാണ് പള്ളി). നമ്മുടെ ആരാധനകളിലൂടെ ദൈവം നമ്മോട് ഇടപെടട്ടെ എന്നു പ്രാർത്ഥിക്കാം.

## നിത്യതയിൽ



നന്തൻകോട് ബെയിൻസ് കോമ്പൗണ്ട് H. No.103, അനുഗ്രഹയിൽ പരേതനായ ഇ. ജെ. സോമരാജിന്റെ ഭാര്യ **എതൾ പത്മ** (86), റിട്ട. ഹൈസ്കൂൾ അധ്യാപിക. ഏപ്രിൽ 30 ന് നിര്യാതയായി. മക്കൾ: സുരേഷ് എസ്. (എ ജി എം, ബാങ്ക് ഓഫ് ബറോഡ), ഷീലാ എസ്. (റിട്ട. പ്രൊഫ. ബാർട്ടൺഹിൽ എൻജി. കോളേജ്), ഡോ. സതീഷ് എസ്. (പ്രൊഫ. & ഹെഡ്. ENT വിഭാഗം, മെഡിക്കൽ കോളേജ് തിരുവനന്തപുരം). മരുമക്കൾ : ഐറിൻ ബി. എസ്. (റിട്ട. വാട്ടർ അതോറിറ്റി), ഡോ. ജയമോഹൻ എ. എസ്. (റിട്ട. ഫിസിഷ്യൻ), ഡോ. ഷെറിൻ സതീഷ് (Consultant in O&G, W & C Hospital Thycaud).



ശ്രീകാര്യം സർവാദി ഹിൽസിൽ പരേതനായ സോമസുന്ദരരാജിന്റെ മകൻ **ഷാജി എസ്. രാജൻ** (59) മെയ് 19 ന് നിര്യാതനായി. പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥനായിരുന്നു. മാതാവ് : ആഗ്നസ് പത്മ ബായ്, ഭാര്യ : ലാസ്സ് ലറ്റ്. മക്കൾ : ആനന്ദ് എസ്. രാജൻ, ആദർശ് എസ്. രാജൻ.

# വില്യം കേരി

**എ. ലിവിങ്സ്റ്റൺ**



**വി**ല്യം കേരി 1761 ആഗസ്റ്റ് 17 ന് ഇംഗ്ലണ്ടിലെ നോർത്താംപ്ടണിൽ പാളേഴ്സ് പ്യൂരിയിൽ ജനിച്ചു. മാതാപിതാക്കൾ എഡ്മണ്ടും എലിസബത്ത് കേരിയും നെയ്ത്തുക്കാരായിരുന്നു, കൂടാതെ എഡ്മണ്ട് ഒരദ്ധ്യാപകനുമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം പിതാവിൽ നിനുമാണ് വില്യം കേരിക്ക് ലഭിച്ചത്. 14 വയസ്സിൽ ക്ലാർക്ക്നിക്കോളാസ് എന്ന ചെരുപ്പുകുത്തിക്കു കീഴിൽ ചെരുപ്പുകൾ നന്നാക്കുന്നത് പഠിച്ച്, അവിടെ ജോലി നോക്കി. അതേ സമയം സ്വയം ലത്തീൻ, ഗ്രീക്ക്, ഹീബ്രു, വേദശാസ്ത്രം തുടങ്ങിയവ അഭ്യസിച്ചു. മാതാപിതാക്കളിൽ നിന്നും വേദപുസ്തക പരിജ്ഞാനം ലഭിച്ചു. ചെരിപ്പുകടയിൽ പരിശീലനത്തിനു കൂടെയുണ്ടായിരുന്ന ജോൺവാർ, യേശുക്രിസ്തുവിനെ വ്യക്തിപരമായ കർത്താവും രക്ഷകനുമായി പരിചയപ്പെടുത്തി. അവന്റെ വിശ്വാസത്തെ വളർത്തുന്നതിനു തോമസ് സ്കോട്ടിന്റെ പ്രസംഗങ്ങൾ സഹായകമായി.

വില്യത്തിന്റെ വിവാഹജീവിതം ഒരു ശോകാന്ത നാടകമായിരുന്നു. 1781 ജൂൺ 10 ന് ഡോറതി പ്ലാക്കറ്റ് എന്ന വനിതയെ വിവാഹം ചെയ്തു. 1807 ഡിസംബറിൽ അവർ നിര്യാതയായി. 1808 മേയ് 8 നു ഷാർലെറ്റ് റുമോറിനെ പത്നിയാക്കി. 1821 മേയ് 30 ന് അവരും ജീവിതത്തോട് വിടപറഞ്ഞു. 1832 ൽ ഗ്രേസ് ഹ്യൂഗ്സിനെ വിവാഹം കഴിച്ചു. 1835 ൽ അവരും മരിച്ചു പോയി.

ഇംഗ്ലണ്ടിൽ 1872 ൽ ബാപ്റ്റിസ്റ്റ് മിഷണറി സൊസൈറ്റി സ്ഥാപിതമായി. 1792–ൽ കേരി ഇൻഡ്യയിലേക്ക് യാത്ര തിരിച്ച് കൽക്കട്ടയിൽ 1793 നവംബർ 11 ന് എത്തി. പിന്നീട് തിരികെ ഇംഗ്ലണ്ടിലേക്ക് പോയതേയില്ല. വിവിധ സ്ഥലങ്ങളിൽ തങ്ങി ഒടുവിൽ 1800 ൽ സെറാംപൂരിൽ എത്തി തന്റെ പ്രവർത്തനകേന്ദ്രം അവിടെ ഉറപ്പിച്ചു. അദ്ദേഹം തന്റെ മിഷൻ പ്രവർത്തനത്തിന് "സെറാംപൂർ മിഷൻ" എന്നു പേരിട്ടു. ഭാഷാപണ്ഡിതരുടെ സഹായത്തോടെ മുഴുവൻ ബൈബിൾ ബംഗാളി, ഒറിയ, ഹിന്ദി, മറാത്തി, സംസ്കൃതം ഭാഷകളിലേക്ക് വിവർത്തനം ചെയ്തു.. കൂടാതെ പഞ്ചാബി, കാശ്മീരി, തെലുങ്ക്,

കൊങ്കണി ഭാഷകളിൽ ഭാഗികമായി ബൈബിൾ പരിഭാഷ ചെയ്തു. കൂടാതെ മറ്റു 23 ഭാഷകളിലായി ചെറിയ വേദഭാഗങ്ങൾ തർജ്ജമ ചെയ്തു.

കൽക്കട്ടയിൽ 1801-ൽ ഫോർട്ട് വില്യം കോളേജിൽ ഒരദ്ധ്യാപകനായി നിയമിക്കപ്പെട്ടു. 1830 വരെ അവിടെ അദ്ധ്യാപനം നടത്തി. വില്യം കേരി 1834 ജൂൺ 9 ന് നിര്യാതനായി.

വില്യം കേരിയുടെ ശുശ്രൂഷാജീവിതം ഒരിക്കലും അനായാസവും ശാന്തവുമായിരുന്നില്ല. അദ്ദേഹത്തിന്റെ ജീവിതാരംഭം മുതൽ അവസാനംവരെ പോരാട്ടങ്ങൾ നിറഞ്ഞിരുന്നു. ആഹാരകുറവും ദാരിദ്ര്യവും മുതൽ കുടുംബത്തിലെ കഷ്ടതകളും സ്വന്തം മിഷനിൽ നിന്നുള്ള എതിർപ്പുകളും വരെ അദ്ദേഹത്തെ അലട്ടി. സാധാരണ യാതൊരു വ്യക്തിയേയും ശുശ്രൂഷയിൽ നിന്നും ഇത്തരം പ്രതിബന്ധങ്ങൾ പിന്തിരിപ്പിക്കുമായിരുന്നു. എന്നാൽ വില്യം എന്ന ചെരുപ്പുകുത്തി (Cobbler) ഒരു ലക്ഷ്യത്തോടും ഉദ്ദേശത്തോടും നിരന്തര യത്നം നടത്തി. **ദൈവം തന്നെ നിയോഗിച്ചതാണെന്നുള്ള തിരിച്ചറിവും വിശ്വാസവും ആയിരുന്നു അദ്ദേഹത്തിന്റെ ഊർജ്ജശക്തി.** മറ്റൊന്ന്, ഇൻഡ്യയെ ദുരാചാരങ്ങലിൽ നിന്നും അന്ധവിശ്വസങ്ങളിൽ നിന്നും സ്വതന്ത്രമാക്കാൻ ക്രിസ്തുവിന്റെ സുവിശേഷത്തിനു മാത്രമേ കഴിയൂ എന്ന അറിവായിരുന്നു. മനുഷ്യരക്ഷക്കായി യാഗമായിത്തീർന്ന കർത്താവിന്റെ പ്രചോദനമായിരുന്നു വില്യം കേരിയുടെ ശക്തിയുടെ സ്രോതസ്സ്.

വില്യം കേരി പ്രവർത്തിച്ചിരുന്ന ബംഗാളിൽ നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അദ്ദേഹത്തെ ചിന്തിപ്പിച്ചു. ഉദാ: ശിശു ഹത്യ. ഒരു ദിവസം ഒരു ഗ്രാമത്തിൽകൂടി നടന്നു പോകുമ്പോൾ വഴിയരികിൽ ഒരു മരത്തിൽ ഒരു കൂട തൂക്കിയിട്ടിരിക്കുന്നതു കണ്ടു. അദ്ദേഹം വിചാരിച്ചു. : "പണിക്കുപോയ ആരെങ്കിലും അവർക്കുള്ള ആഹാരം പട്ടിയും മറ്റും എടുക്കാതെ സൂക്ഷിച്ചു തൂക്കിയിരിക്കുന്നതാകാം." ചുറ്റുപാടും നോക്കി. ആരെയും കാണുന്നില്ല. പണി നടക്കുന്ന സ്ഥലവും കാണുന്നില്ല. കൂടയിലെന്തായിരിക്കുമെന്ന ജിജ്ഞാസകൊണ്ട് മെല്ലെ കൂടയ്ക്കകത്ത് തുറന്നുനോക്കി. ഭയാനകം. ഒരു ശിശുവിന്റെ ശരീരം പകുതിയോളം പ്രാണികൾ തിന്നുകഴിഞ്ഞു. അദ്ദേഹം വീണ്ടും ചിന്തിച്ചു "വല്ല അമ്മമാരും പണിക്കുപോയപ്പോൾ സുരക്ഷിതമായി തൂക്കിയിട്ടതാകാം ജോലി കഴിഞ്ഞു കുഞ്ഞിനെ എടുക്കാൻ മറന്നതാകാം." വഴിയിൽ കൂടിവന്നവരോട് അദ്ദേഹം ആരാഞ്ഞു. അവർ പറഞ്ഞു: "ആവശ്യമില്ലാത്ത കുഞ്ഞുങ്ങളെ ഇപ്രകാരമാണ് മാതാപിതാക്കൾ ചെയ്യുന്നത്".

വില്യം കേരിക്ക് വിശ്വസിക്കാനായില്ല. കുഞ്ഞുങ്ങളെ ഇപ്രകാരം കൊല്ലുമോ? സ്വന്തം കുഞ്ഞുങ്ങളെ ഇത്രയും ക്രൂരമായി കൊല്ലാൻ കഴിയുമോ? പാവപ്പെട്ടവർ സ്വന്തം ശിശുക്കളെ കൊല്ലുന്നത് സാധാരണമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

അദ്ദേഹം പ്രവർത്തിച്ചിരുന്ന ബംഗാളിൽ 'സാഗർപൂജ' എന്നൊരു വാർഷിക ഉത്സവം ഉണ്ടായിരുന്നു. ഗംഗാനദി കടലിൽ സംഗമിക്കുന്ന സാഗർ ദ്വീപിലായിരുന്നു അത്. ദേവിയെ പ്രസാദിപ്പിക്കുന്നതിനായി അമ്മമാർ അവരുടെ കുഞ്ഞുങ്ങളെ ഗംഗയിലേക്ക് സമർപ്പിക്കുന്നു. അവയിൽ ചിലതു ചെളിയിൽ മുങ്ങിതാഴുന്നു, മറ്റുള്ളവ ചീങ്കണ്ണികൾ വിഴുങ്ങുന്നു. ചിലർ രണ്ടു കുഞ്ഞുങ്ങൾ തന്നാൽ ഒരെണ്ണം ദേവിക്കു നൽകാമെന്നു നേരുന്നു. മറ്റുചിലർ സ്വന്തം രക്ഷയ്ക്കുവേണ്ടി കുഞ്ഞിനെ കൊല്ലുന്നു. ഇപ്രകാരം ചെയ്താൽ സ്വർഗ്ഗം പ്രാപിക്കാമെന്നവർ വിശ്വസിക്കുന്നു. ആരും ഇതു തടയുന്നില്ല. അവരവരുടെ വിശ്വാസമാണ് എന്നു പറഞ്ഞു ആരും ഇടപെടുന്നില്ല.

എന്നാൽ വില്യം കേരി, കുഞ്ഞുങ്ങളെ ബലി കൊടുക്കുന്നതു പാപമാണെന്നും നമ്മുടെ രക്ഷയ്ക്കായി ദൈവം സ്വന്തം മകനെ ബലിയായി ഒരിക്കലായി അർപ്പിച്ചുവെന്നും പ്രചരിപ്പിച്ചു. കുഞ്ഞുങ്ങളുടെ യാഗം ദൈവത്തെ പ്രസാദിപ്പിക്കുന്നില്ല. അത് ദൈവകോപത്തിനിടയാക്കും. വില്യം സർക്കാരിന് കത്തെഴുതി ശിശുഹത്യ നിയമവിരുദ്ധമായി പ്രഖ്യാപിക്കാനാവശ്യപ്പെട്ടു. 1804 ൽ കേരിയുടെയും സ്നേഹിതരുടെയും വിസ്മയത്തിനു ആ വർഷം ആരും തന്നെ സാഗർപൂജയക്കു ബലി നടത്തിയില്ല. എന്നാൽ രഹസ്യമായി ഡാമുകളും പാലങ്ങളും നിർമ്മിക്കുമ്പോൾ കുട്ടികളെ കടത്തികൊണ്ടുപോയി ബലിയിടാറുണ്ട്.ഇന്ന് ലക്ഷകണക്കിന് മാതാപിതാക്കൾ ഓരോ വർഷവും ആശുപത്രികളിൽ ജനിക്കാത്ത കുഞ്ഞുങ്ങളെ കൊന്നൊടുക്കുന്നു. "അബോർഷൻ" എന്ന ഓമനപ്പേരും നൽകുന്നു. ഇക്കാലത്ത് വില്യം കേരിയെപോലെ ഇത്തരം കൊലപാതകങ്ങൾക്കെതിരായി പ്രസംഗിക്കാൻ നമുക്കു ആരും ഇല്ല. ക്രിസ്ത്യാനികൾ അറിയുന്നില്ല, ദൈവം "ശിശുഹത്യ" വെറുക്കുന്നു എന്ന സത്യം.

വില്യം കേരി ഇൻഡ്യയിൽ 41 വർഷം പ്രവർത്തിച്ചു. ഇൻഡ്യ ഗവൺമെന്റ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സ്മരിച്ചുകൊണ്ട് ഒരു തപാൽസ്റ്റാമ്പ് പ്രകാശനം ചെയ്തിട്ടുണ്ട്. സാമൂഹ്യ പരിവർത്തനത്തിനും സുവിശേഷത്തിലൂടെ ജനങ്ങളെ യേശുക്രിസ്തുവിലുള്ള രക്ഷയെ അറിയിച്ചും വിദ്യാഭ്യാസത്തിലൂടെ പ്രത്യേകിച്ച് പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ഊന്നൽ നൽകി.

സെറാമ്പൂർ അറിയപ്പെടുന്നത് വില്യം കേരിയുടെ ശുശ്രൂഷകളും സേവനങ്ങളും മുഖേനയാണ്. **"ദൈവത്തിൽ നിന്നും വൻകാര്യങ്ങൾ പ്രതീക്ഷിക്കുക; ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യാൻ പരിശ്രമിക്കുക"** എന്നതായിരുന്നു അദ്ദേഹത്തിന്റെ ആപ്തവാക്യം. ഈ വാക്കുകൾ NMS (ഇൻഡ്യ സ്വദേശ മിഷണറി സമൂഹം) അതിന്റെ വിശ്വാസകുറിവാക്യമായി ഉപയോഗിച്ചുവരുന്നു. *"Expect great things from God;*
*Attempt great things for God"* - William Carey

# Rejoice! The Lord is king

**Hannah Vijaya**

"O the joy to see you reigning. You, my Master and my friend. Vindicated and enthroned unto earth's remotest end" Hannah's Song encapsulates the theme of Worship. From the earliest days; the natural expression of emotion has been through music and song. There are songs of deliverance, lament, victory, celebration, of love and marriage, God's faithfulness and other themes. Culminating in heaven with the Multitude singing before the throne (Rev. 7)

You can emphathise with Hannah. She has just fulfilled her vow to the Lord and left Samuel with Eli. It can be traumatic enough to leave your child on his / her first day at school even for a few hours! Hannah focused her heart on the Lord (2:1) Samuel was precious but her devotion to the Lord superseded her devotion to her son. Can you say with Hannah, 'There is no one besides you.....!' Does he take precedence over all that is precious to you? She calls God the Rock (v.2). In the Old Testament God has been spoken of as rock 30 times. It suggests stability, strength, refuge, a solid foundation of faith. This name was a favourite one in the Psalms (19:14, 62:7, 94:22) Sometimes translated as 'Strength, Christ is also called Rock in the New Testament. 1 Cor 10:4, Eph. 2:20, 1 Peter 2: 4,6. What is your favourite name for God? Hannah affirms God's protection and the vindication of the righteous (8.9). There is a reversal of all that the world esteems. Hannah testifies that the strong the proud and the arrogant will be humbled while the weak, the humble, the barren and the poor will be lifted up (V.8). Finally Hannah anticipates the reign of a king (V. 10) a prophecy which would ultimately be fulfilled in Jesus.

"What is your understanding of the sacrifice that God wants from us?

Eli was the high preist. Because of his age and falling sight his sons Hophni and Phinehas assisted Eli. But instead of being an example to others, they sinned and caused others to sin. They were wicked and had no regard for the Lord (12). They treated the Lord's offering with contempt- a solemn statement that tells us that church membership and even holding an important responsibility is no guarantee of godly character. Hophni and Phinehas had no respect for their father. Although Eli failed to disciple his sons, their behavoiur was inexcusable. They disregarded the clear instructions regarding the sacrifices (Lev. 7:31). Their greed demanded meat from the worshipers ever before the sacrifice was over. Thus they robbed the people and God himself (Mal 3:8,9). Their immorality brought the temple and God into disrepute.

We need to pray for Christian leaders who face temptation in the areas of finance, property, relationships and authority. There is a personal challenge too. Samuel by contrast, was given to the Lord by his godly parents (28) and he was serving God (11). As he grew older, he must have resisted entanglement with Hophni and Phinehas, keeping himself apart from evil, He grew in stature and in favour with the Lord and with men (26) Much later, the writer to the Hebrews warned against the sin that so easily entangles us (Heb. 12:1,2) and Paul challenges us to sacrificial commitment so that like Samuel, we can live for God and serve Him (Rom. 12:1,2)

"Are you guilty of bringing dishonour to God any way, or of holding back what belongs to God? Reflect on this"

# We thank Thee, God for being with us

**V. Justin**

1 What a peaceful, united congregation
Had been the unique M. M. Church
For over hundred and ten years
In the heart of Trivandrum city!

2 Had good intimacy among members
Who were broad minded, helpful
And willing to give cheerfully
For the glory of God Almighty!

3 Thou produced good mature leaders
Who commanded respect in society
With their wise and useful deeds
But, darkness ruled last two years!

4 Satan had cunningly crept inside
Like the crooked and greedy camel
To destroy the unity, love and peace
Among the innocent congregation!

5 God, give us Thy guidance and grace
To go forward in unity and love
To stand up boldly facing troubles
As brave Christian soldiers for Thee!

6 God, give the poor sheep wisdom,
Patience, love and unity to face
Difficulties and troubles boldly
And come out successful to Thee!

7 We thank Thee for the selfless
Missionaries Thou has given us
To uplift us from miserable slavery
And to make us real human beings!

8 The LMS Compound, Trivandrum
Bought by LMS Missionaries in 1866
For use of the Trivandrum Church,
Became M. M. Church compound in 1906!

9 God, Let the shepherds really love
The sheep and lead them spiritually
To live in peace and unity with others,
And lead a life bringing glory to Thee!

10 God the father, Thou has given us
New set of deacons for our Church
After two years of darkness
To serve Thee well for Thy glory!

11 If anything I have written here is
Not pleasing and against Thy will,
I beg Thee loving father to pardon my
Ignorance and give me real wisdom!

12 Give us all real wisdom and grace
To understand Thy words properly,
And live as followers of Jesus Christ
Forgiving and forgetting other's wrongs!

**അനുസ്മരണം**

# യേശുദാസൻ തിരുമേനി

**മനോജ് കുമാർ എബനേസർ**



ദക്ഷിണ കേരള മഹായിടവകയുടെ മൂന്നാമത് ബിഷപ്പും സി. എസ്. ഐ.യുടെ എട്ടാമത് മോഡറേറ്ററുമായ അഭിവന്ദ്യ ബിഷപ്പ് മോസ്റ്റ് റവ. ഐ. യേശുദാസൻ ദിവംഗതനായിട്ട് അഞ്ച് വർഷം തികഞ്ഞിരിക്കുന്നു. 2013 ജൂൺ 16 ന് അദ്ദേഹം കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. നിർണായകമായ കാലഘട്ടത്തിൽ മഹായിടവകയെ വളർച്ചയുടെ പടവുകളിലേക്ക് നയിച്ച തിരുമേനിയെ നാമെല്ലാം നന്ദിയോടെ സ്മരിക്കുന്നു.

എസ്. ഐ. യു. സി. യിലും സഭൈക്യത്തെ തുടർന്ന് സി. എസ്. ഐ. ലും സഭാശുശ്രൂഷകനായിരുന്ന റവ. ജെ. ഐശയ്യ, ശ്രീമതി ലിസി എന്നിവരുടെ പുത്രനായി 1925 ഫെബ്രുവരി 14 ന് യേശുദാസൻ തിരുമേനി ജനിച്ചു. ഐ. പോൾ ശാസ്ത്രി, ഐ. അസറിയ എന്നിവർ സഹോദരങ്ങൾ (രണ്ടുപേരും ദിവംഗതരായി). 1946-ൽ സ്കൂൾ ഫൈനൽ പരീക്ഷ പാസായ ഐ. യേശുദാസൻ വൈകാതെ സെമിനാരിയിൽ എൽ. റ്റി. എച്ച് പഠനത്തിന് ചേർന്നു. തുടർന്ന് 1953 - ൽ സെറാംപൂർ സർവ്വകലാശാലയുടെ ബി. ഡി. ബിരുദവും നേടി.

എൽ. റ്റി. എച്ച് പഠനം പൂർത്തിയായപ്പോൾ അദ്ദേഹത്തെ കോടങ്കര സഭയിൽ ഉപദേശിയായി നിയമിച്ചു. നാലു വർഷത്തെ സഭാ ശുശ്രൂഷ ആയപ്പോഴേക്കും ഉപരി പഠനത്തിനായി (എം. റ്റി. എച്ച്) ജബൽപൂർ സെമിനാരിയിലേക്ക് അയച്ചു. 1961-ൽ കണ്ണമ്മൂല സെമിനാരിയിൽ അദ്ധ്യാപകനായി. വീണ്ടും ന്യൂയോർക്കിലെ പ്രശസ്തമായ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും എസ്. റ്റി. എം. ബിരുദം നേടിയ അദ്ദേഹത്തെ 1965 ൽ സെമിനാരി പ്രിൻസിപ്പലായി നിയമിച്ചു.

തുടർന്ന് മഹായിടവക യുവജന സമിതി കൺവീനറായും, 1965 മുതൽ മഹായിടവക വൈസ് ചെയർമാനായും സ്തുത്യർഹ സേവനം അനുഷ്ഠിച്ചുവരവെ അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിലെ വലിയ ദുരന്തം സംഭവിച്ചു. പ്രിയപത്നിയായ ജെസി ബിയാട്രിസ് 1972-ൽ ഒരു ശസ്ത്രക്രിയയെ തുടർന്ന്

നിര്യാതയായി. വിദ്യാർത്ഥികളായ ബേസിൽ, മാർട്ടിൻ എന്ന രണ്ട് മക്കൾക്ക് മാതാവും പിതാവും അദ്ദേഹം തന്നെയായി. അതേ വർഷം, വില്യം തിരുമേനിയുടെ പെട്ടെന്നുള്ള വേർപാടിനെ തുടർന്ന് മോഡറേറ്റർസ് കമ്മിസറിയായി യേശുദാസനച്ചൻ നിയമിതനായി. 1973 ആഗസ്റ്റ് 5 ന് ദക്ഷിണ കേരള മഹായിടവകയുടെ ബിഷപ്പായി അഭിഷിക്തനായ അദ്ദേഹം 1990 വരെ (17 വർഷം) മഹായിടവകയ്ക്ക് ധന്യമായ നേതൃത്വം നല്കി.

തിരുമേനിയുടെ ആഴമായ വിശ്വാസ ജീവിതത്തിനും ശക്തമായ നേതൃപാടവത്തിനും ലഭിച്ച അംഗീകാരമാണ് 1980 ൽ ഡെപ്യൂട്ടി മോഡറേറ്ററായും 1982-ൽ വെല്ലൂർ സിനഡിൽവച്ച് മോഡറേറ്ററായും തെരഞ്ഞെടുക്കപ്പെട്ടത്. 1988 വരെ മോഡറേറ്റർ സ്ഥാനം വഹിച്ചു. അഖില ലോക സഭാ കൗൺസിൽ, കൗൺസിൽ ഫോർ വേൾഡ് മിഷൻ (പഴയ എൽ. എം. എസ്.), ആംഗ്ലിക്കൻ കൺസൾട്ടേറ്റീവ് കൗൺസിൽ എന്നീ അന്താരാഷ്ട്ര സഭാ വേദികളിലും അദ്ദേഹം അംഗമായിരുന്നു.

യേശുദാസൻ തിരുമേനി എം. എം. ചർച്ചുമായി സ്നേഹബന്ധം നിലനിർത്തുകയും നമ്മുടെ സഭയെ കരുതുകയും ചെയ്തിരുന്നു. തിരുമേനിയുടെ സവിശേഷമായ വ്യക്തിത്വവും വിശ്വാസജീവിതവും അദ്ദേഹത്തെ മഹായിടവകയിൽ മാത്രമല്ല, എക്യുമെനിക്കൽ വേദികളിലും സമാദരണീയനാക്കി. മിഷൻ പ്രവർത്തനത്തിലുള്ള താല്പര്യം, സത്യത്തിലും വേദപുസ്തകത്തിലും അധിഷ്ഠിതമായ നേതൃത്വം, സ്ത്രീകളോടുള്ള കരുതൽ, കൂടാതെ ദൈവശാസ്ത്രപരമായ അറിവ് പകരാൻ പുസ്തകങ്ങൾ രചിക്കാനും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു.

മഹായിടവകയുടെ ആദ്യത്തെ മിഷൻ ഫീൽഡായി അന്നത്തെ ആന്ധ്രാപ്രദേശിലെ എട്ടൂർ നാഗാരം അദ്ദേഹമാണ് ആരംഭിച്ചത്. സി. എസ്. ഐ.യിൽ ആദ്യമായി സ്ത്രീകൾക്ക് പട്ടത്വം കൊടുത്ത മഹായിടവകകളിൽ ഒന്നായി നമ്മുടെ മഹായിടവക (ശ്രീമതി മരതകവല്ലി ഡേവിഡ്), അദ്ദേഹം അംഗമായിരുന്ന സി. എസ്. ഐ. ചൈൽഡ് കെയർ കൗൺസിലിന്റെ സഹായത്തോടെ എൽ. എം. എസ് കോമ്പൗണ്ടിലെ ബഹുനില കോംപ്ലക്സ് പണിതത് അദ്ദേഹത്തിന്റെ തീവ്രശ്രമത്താലാണ്. ഈ രണ്ട് സംരംഭങ്ങളിലും എം. എം. ചർച്ചിലെ അംഗമായ യോഹന്നാൻ സാർ (എട്ടൂർ നാഗാരം മിഷൻ), എഞ്ചിനീയർ അലക്സാണ്ടർ (ചൈൽഡ് വെൽഫെയർ കോംക്സ്) എന്നിവർ നിർണായക പങ്ക് വഹിച്ചിരുന്നു. വില്യം തിരുമേനിയുടെ കാലത്ത് ആരംഭിച്ച പോളിയോ ഹോം, അന്താരാഷ്ട്ര നിരവാരമുള്ള സ്ഥാപനമാക്കി മാറ്റുന്നതിൽ യേശുദാസൻ തിരുമേനിയുടെ നേതൃത്വവും എം. എം. ചർച്ചിലെ ഡോ. ജോൺസിന്റെ സേവനവുമാണ് നിർണായകമായത്.

യേശുദാസൻ തിരുമേനിയുടെ കാലഘട്ടം മഹായിടവകയുടെ വളർച്ചയുടെ സുവർണ കാലഘട്ടം തന്നെയായിരുന്നു. **തിരുമേനിയുടെ പ്രാർത്ഥനാജീവിതം, എളിമയാർന്ന വ്യക്തിത്വം, അടിയുറച്ച വിശ്വാസം, അവസാന നാളുകൾ വരെയും കാത്തുസൂക്ഷിച്ച സഭയോടുള്ള കരുതൽ, ഇവയെല്ലാം അദ്ദേഹത്തെ എല്ലാവർക്കും പ്രിയങ്കരനാക്കി.** അദ്ദേഹത്തിന്റെ താല്പര്യപ്രകാരം അമരവിളയിലെ കുടുംബവീട് മരണാനന്തരം സഭയ്ക്ക് ദാനം ചെയ്തു. ഇപ്പോൾ സെന്റ് ലൂക്സ് ചർച്ച് അവിടെ പ്രവർത്തിക്കുന്നു. തീർച്ചയായും നമ്മുടെയിടയിൽ ഒരു ദൈവിക മനുഷ്യൻ ആയിരുന്നു യേശുദാസൻ തിരുമേനി.

ലേഖനം

# വിവരവും വിജ്ഞാനവും വിവേകവും ഒത്തുചേരുന്ന വിദ്യാഭ്യാസം

**ഡോ. ക്രിസ്റ്റൻസൺ ഇ. സാരസം**

**വി**വേകവും വിജ്ഞാനവും വിട്ട് വിനോദത്തിനു പിന്നാലെ പരക്കം പായുന്ന ഈ കാലഘട്ടത്തിൽ വിദ്യ അഭ്യസനത്തിനായി കുട്ടികളും മാതാപിതാക്കളും അദ്ധ്യാപകരും കലാലയങ്ങളും ഉണർന്ന് എഴുന്നേറ്റു കഴിഞ്ഞു.

മദ്ധ്യേ വേനലവധിയുടെ മാസങ്ങൾ അവസാനിച്ചു. അക്കങ്ങളുടെയും അക്ഷരങ്ങളുടെയും ലോകത്തിലേക്ക് പ്രതീക്ഷയോടെപദമൂന്നുന്ന കുരുന്നുകൾക്ക് നന്മ നേർന്നുകൊണ്ട് പ്രാർത്ഥിക്കേണ്ടതും പ്രവർത്തിക്കേണ്ടതുമായ അവസരമാണിത്. എഡ്യൂക്കേഷൻ എന്ന പദം 'എഡ്യുകെയർ' എന്ന ലാറ്റിൻ പദത്തിൽ എത്തിനില്ക്കുന്നു 'പുറത്തേക്കു കൊണ്ടുവരിക' ഇരുളിൽ നിന്ന് വെളിച്ചത്തിലേക്ക് പാരതന്ത്ര്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേക്ക് അതിരുകളില്ലാത്ത അറിവിന്റെ അനന്തമായ വാതായനങ്ങളിലേക്ക് കുഞ്ഞുങ്ങൾക്ക് സ്വാഗതം ആശംസിച്ചുകൊണ്ട് പുതിയ അദ്ധ്യയന വർഷത്തിനായി സ്കൂളുകളും കലാലയങ്ങളും തുറന്നുകഴിഞ്ഞു.

വിവരവും, വിവേകവും, വിജ്ഞാനവും വിദ്യാഭ്യാസവും ഒത്തുചേരട്ടെ. ഇടുങ്ങിയ ക്ലാസ്സുമുറിക്കുള്ളിൽ വിദ്യാർത്ഥിയുടെ ലോകം ചുരുങ്ങിപ്പോകാതെ പുതിയ വിദ്യാലയ വർഷത്തിൽ വിശാലഹൃദയവും മനസ്സും ദൈവഭയവും ക്രിയാത്മകതയും ഭാവനയുമുള്ള ഗുരുക്കന്മാരാൽ ക്ലാസ്സ് മുറികൾ സ്വതന്ത്രമാക്കപെടട്ടെ. വികലമായ ധാരണകളിൽ നിന്നും അജ്ഞാനത്തിന്റെ തടവറയിൽ നിന്നും വിദ്യാഭ്യാസം യഥാർത്ഥ മോചനം നല്കട്ടെ. "യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു" (ലൂക്കൊസ് 2:52). പള്ളികൂടത്തിലെ വിദ്യാഭ്യാസം അനിവാര്യമെങ്കിലും ഔപചാരിക വിദ്യാഭ്യാസ പ്രക്രിയയിലൂടെ കുട്ടിയുടെ അകംകണ്ണ് പ്രകാശിച്ച് പ്രപഞ്ച സ്രഷ്ടവായ ദൈവത്തെയും തന്റെ സ്വയത്തെയും കണ്ടെത്താൻ പ്രാപ്തനായിത്തീരണം. ക്ലാസ്സ് മുറികളുടെ നാല് ചുവരുകൾ അവനെ തളയ്ക്കുകയല്ല, തുണയ്ക്കുകയാണ് വേണ്ടതും. അറിവിനോടൊപ്പം വിവേകവും, വിവരത്തോടൊപ്പം വകതിരിവും ആജ്ജിക്കണം **വിവരങ്ങളെ വിവേചിച്ചറിയാനുള്ള വിവേകം നല്കുന്ന വിജ്ഞാനമാണ് വിദ്യാഭ്യാസം.** ജീവിതത്തെ കൂടുതൽ ഉൽകൃഷ്ടവും ദൈവോന്മുഖവും വിപുലമായ അർത്ഥതലങ്ങളിൽ കൊണ്ടെത്തിക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

മാതാപിതാക്കളുടെ സ്നേഹമസൃണമായ ഇടപെടലുകളിലൂടെ ക്രിസ്തുവിന്റെ മനോഭാവം കുഞ്ഞുങ്ങളിലേക്ക് പകരപ്പെടാൻ കഴിയുന്നു. **കുട്ടികളിൽ ഒളിഞ്ഞുകിടക്കുന്ന കഴിവുകളെ വിവിധ മുഖാന്തരങ്ങളിലൂടെ വെളിയിൽ കൊണ്ടുവരുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം.** വായനയും എഴുത്തും വിദ്യാഭ്യാസവേളയിലെ ഒഴിച്ചുകൂടാനാവാത്ത പഠനമാർഗ്ഗങ്ങളാണ്.

വ്യക്തി വികാസത്തിനായുള്ള ആഗ്രഹത്തിന്റെ ഭാഗമായി പഠനരീതികൾ സൃഷ്ടിക്കപ്പെടണം. ലഭിച്ച കഴിവുകളെ പരമാവധി കുട്ടികളിൽ ജ്വലിപ്പിക്കുകയാണ് പ്രധാന ദൗത്യം. **കൈയ്യക്ഷരം വ്യക്തിത്വത്തിന്റെ മേന്മയെ കുറിക്കുന്നു.** അക്ഷരവടിവ് കാത്തുസൂക്ഷിക്കുന്നതിന് നിരന്തരം ശ്രദ്ധ ചെലുത്തേണ്ടതാണ്. നല്ല കയ്യക്ഷരം ഒരു വ്യക്തിയുടെ ആത്മവിശ്വാസത്തെയും നിശ്ചയദാർഢ്യത്തെയും പ്രതിബിംബിക്കുന്നു. ഉൽകൃഷ്ട ജീവചരിത്രങ്ങൾ കുട്ടികളെ വായിച്ച് കേൾപ്പിക്കണം. അവരെകൊണ്ട് വായിപ്പിക്കണം. അഭിപ്രായങ്ങൾ പറയാൻ അവസരം നല്കണം. അവരെ അഭിനന്ദിക്കണം. ആശയരൂപീകരണത്തിനും ആശയസംവേദനത്തിനും കുട്ടികളിൽ വാസന ഉടലെടുപ്പിക്കണം.

"പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക;
സ്വന്ത വിവേകത്തിൽ ഊന്നരുത്" (സദൃശ്യ 3:5)

ഒരു വ്യക്തിക്ക് അവന്റെ ആസ്തിത്വത്തിന്റെ തനിമയെയും ഉണ്മയെയും കണ്ടെത്തുന്നതിന് വിദ്യാഭ്യാസം സഹായിക്കുന്നു. **അറിവ് നേടുന്നതിലൂടെ അറിവിന്റെ ഉറവിടമായ ദൈവത്തെ കണ്ടെത്തുന്നതാണ് വിദ്യഭ്യാസത്തിന്റെ പരമലക്ഷ്യം,** "ജ്ഞാനം സമ്പാദിക്ക: വിവേകം നേടുക; മറക്കരുത്; എന്റെ വചനങ്ങളെ വിട്ടുമാറുകയുമരുത്" (സദൃശ. 4:5). വ്യക്തിജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും വിദ്യാഭ്യാസത്തിന്റെ പ്രതിഫലനങ്ങൾ പ്രകടമായി കാണപ്പെടണം സത്യഭക്തിയും സൽബുദ്ധിയും കുട്ടികളിൽ തെളിഞ്ഞ് പ്രകാശിക്കണം. അങ്ങനെയാണ് വിദ്യാഭ്യാസം സന്തോഷത്തിന്റെ അനുഭവമായിത്തീരുന്നത്; അർത്ഥ സമ്പൂർണ്ണമായിത്തീരുന്നത്. മറ്റുള്ളവരുടെ നന്മയ്ക്കായി ജീവിതം രൂപപ്പെടുത്തുന്നു വിദ്യാഭ്യാസം മാത്രമേ ശരിയായ വിദ്യാഭ്യാസമാകുകയുള്ളൂ. നമ്മുടെ വിദ്യാഭ്യാസ പ്രക്രിയ ഒരു വിചിന്തനത്തിന് വിഷയീഭവിക്കട്ടെ. "യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു; അവയെ ആചരിക്കുന്നഏവർക്കും നല്ല ബുദ്ധി ഉണ്ട്" (സങ്കീ 111:11).

**ശീലങ്ങളും സ്വഭാവങ്ങളും മാതാപിതാക്കളിൽ നിന്നും കുട്ടികൾ പഠിക്കുന്നു.** പരിധിയില്ലാതെ സ്നേഹിക്കുക, പങ്കുവയ്ക്കുക, ദീർഘമായി ക്ഷമിക്കുക, വിട്ടുവീഴ്ചകൾ ചെയ്യുക, രമ്യപ്പെടുക, തിരുവചനം വായിച്ച് പ്രാർത്ഥിക്കുക, ആരാധനയിൽ പങ്കെടുക്കുക തുടങ്ങിയ ക്രിസ്തീയ മൂല്യങ്ങൾ മാതാപിതാക്കളിൽ നിന്നും മക്കൾ പഠിക്കുന്നു.

മക്കൾക്ക് ഉന്നതവിദ്യാഭ്യാസം കൊടുക്കാനും വിദേശ രാജ്യങ്ങളിൽ തൊഴിൽ സാദ്ധ്യമാക്കുന്നതിനും ഭൂസ്വത്തുക്കൾ സമ്പാദിക്കാനും വിടുകൾ പണിയാനും ഉയർന്ന ജീവിതശൈലി കാത്തു സൂക്ഷിക്കാനും മാതാപിതാക്കൾ അതീവ താല്പര്യം പ്രകടിപ്പിക്കാറുണ്ട്. എന്നാൽ അവരുടെ സ്വഭാവരൂപീകരണത്തിനും ആത്മീയ വളർച്ചയ്ക്കും, ദൈവാശ്രയമുള്ള ജീവിതം ക്രമപ്പെടുത്തുന്നതിനുമായി വേണ്ടപോലെശ്രദ്ധിക്കാറില്ല. ഫേസ്ബുക്ക്, വാട്ട്സ് ആപ്പ്, ഇൻസ്റ്റാഗ്രാം, സ്കൈപ്പ്, ഐ. എം. ഒ. തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങളിൽ അതീവ ആകൃഷ്ടരും സജീവ പങ്കാളികളുമായി നമ്മുടെ കുട്ടികൾ കഴിയുന്നു. അത് ഭയങ്കരമായ ഭവിഷ്യത്ത് ക്ഷണിച്ചുവരുത്തും. കുട്ടികൾ നിര

*ശേഷം പേജ് 30 -ൽ കാണുക*

# Social Action - a Matter of Worship

**JOSEPH SAMUEL**
(Family No. 2121)

**What is worship?**

Worship is the feeling or expression of reverence and adoration for God.

